LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചവ, ഭരണാനുമതിക്കായി സമർപ്പിച്ചവ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയവ, ടെണ്ടർ ചെയ്തവ, എഗ്രിമെന്റ് ചെയ്തിട്ടുള്ളവ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ പുതുക്കിയ ഭരണാനുമതി നൽകേണ്ടിവന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തുറവൂർ-ഓച്ചിറ ദേശീയപാത വികസനം

111(4121) <u>ശ്രീമതി ദലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാതയുടെ വികസനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തുറവൂർ മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാതയുടെ വികസനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പ്രദേശത്തെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ; വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുക്കൽ നടപടി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു*.

സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകാൻ നടപടി

112(4122) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുമ്പോൾ പാതയോരത്തെ കെട്ടിട ഉടമകൾക്ക് പുറമെ അവിടെ വാടകയ്ക്ക് കടയും സ്ഥാപനങ്ങളും നടത്തുന്നവർക്കും നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതയ്ക്ക് സ്ഥലമേറ്റെടുക്കുമ്പോൾ ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് 2013-ലെ RFCTLARR നിയമപ്രകാരമുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്. പുനരധിവാസവും പുനഃസ്ഥാപനവും പ്രസ്തുത നിയമത്തിന്റെ ഷെഡ്യൂൾ 2 പ്രകാരമാണ് നൽകുന്നത്. ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ. (എം.എസ്.) 448/2017/RD (State Rehabilitation Policy) പ്രകാരം കുടിയൊഴിപ്പിക്കുന്ന കച്ചവടക്കാരെ/കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് റവന്യൂ വകുപ്പ് ഉത്തരവായിട്ടുണ്ട്. എന്നാൽ ദേശീയപാതയ്ക്കുവേണ്ടി സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ LARR Act-ന്റെ ഷെഡ്യൂൾ 2 പ്രകാരമുള്ള നഷ്ടപരിഹാരമാണ് ദേശീയ പാത അതോറിറ്റി നൽകിവരുന്നത്

റസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണം

113(4123) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ചങ്കുവെട്ടി റസ്റ്റ് ഹൗസ്, കുറ്റിപ്പുറം റസ്റ്റ് ഹൗസ് എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ?

കോട്ടക്കൽ ചങ്കുവെട്ടി റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിരുന്നു. കുറ്റിപ്പുറം റസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണത്തിന് നിലവിൽ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടില്ല.

(ബി) പ്രസ്തുത റസ്റ്റ് ഹൗസുകൾ പുനരുദ്ധരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ

114(4124) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?